# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 270** — **04/06/2018-ൽ മറുപടിയ്ക്ക്**

### ആന്റിബയോട്ടിക് നയം

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.ടി. വി. ഇബ്രാഹിം** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| **എ)** | സംസ്ഥാന ഗവൺമെന്റിന്റെ ആന്റിബയോട്ടിക് നയം പ്രഖ്യാപിച്ചിട്ടുണ്ടോ ; | **എ)** | ആന്റിബയോട്ടിക് നയം പ്രഖ്യാപിച്ചിട്ടില്ല. |
| **ബി)** | സ്വകാര്യ ആശുപത്രികൾ ചെറുരോഗങ്ങൾക്കുപോലും വ്യാപകമായി ആന്റിബയോട്ടിക് മരുന്നുകൾ കുറിച്ച് കൊടുക്കുന്നത് അവർക്ക് രോഗത്തിന് ശാന്തി ഉണ്ടാക്കുമെങ്കിലും മറ്റ് രോഗങ്ങൾക്ക് തുടക്കം കുറിക്കുമെന്ന വസ്തുത ശ്രദ്ധിച്ചിട്ടുണ്ടോ ; | **ബി)** | ഇത്തരത്തിലുള്ള ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| **സി)** | ഇതിന്റെ അമിത ഉപയോഗം പുതിയ അജ്ഞാത രോഗങ്ങൾക്ക് കാരണമാകുന്നത് ഗൗരവമായി കണക്കിലെടുത്ത് ലാഭേച്ഛയോടെ ഉള്ള സ്വകാര്യ ചികിത്സാ രീതിയ്ക്ക് നിയന്ത്രണമേർപ്പെടുത്തുമോ എന്ന് അറിയിക്കാമോ? | **സി)** | ആന്റിബയോട്ടിക്കുകളുടെ അമിതവും, അനിയന്ത്രിതവുമായ ഉപയോഗം Drug Resistant Organisms മൂലമുണ്ടാകുന്ന അസുഖങ്ങൾക്ക് കാരണമാകുന്നുണ്ട്. സ്വകാര്യ ആശുപത്രികളിലെ ചികിത്സാ രീതികളെ നിയന്ത്രിക്കാൻ സഹായകരമാകുന്ന ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമസഭ പാസ്സാക്കിയിട്ടുണ്ട്. ഇത് നടപ്പിലാകുന്ന മുറയ്ക്ക് സ്വകാര്യ ആശുപത്രികളിലെ ചികിത്സാരീതിയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ ട്രീറ്റ്മെന്റ് പ്രോട്ടോകോൾസ് തീരുമാനിച്ച് നടപ്പിൽ വരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ